# PIB - 28-11-2025



## മത്സ്യ മേഖല സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ - ഐ.സി.എ.ആർ–സി.ഐ.എഫ്.ടി.യും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും കൈകോർത്തു

പോസ്റ്റഡ് ഓണ്: 28 NOV 2025 5:36PM by PIB Thiruvananthpuram

**കൊച്ചി, 28 നവംബർ 2025** : രാജ്യത്തെ മത്സ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്കും സാങ്കേതിക നവീകരണങ്ങൾക്കും സാമ്പത്തിക പിന്തുണ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഐ.സി.എ.ആർ–സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ഐ.സി.എ.ആർ–സി.ഐ.എഫ്.ടി), കൊച്ചി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (എസ്.ബി.ഐ.)യുമായി ഇന്ന് ധാരണാപത്രത്തിൽ ഒപ്പുവെച്ചു.



ഡോ. എം.പി. രമേശൻ (ഡയറക്ടർ-ഇൻ-ചാർജ്, CIFT), ശ്രീ സന്തോഷ് കുമാർ (ഡെപ്യൂട്ടി ജനറൽ മാനേജർ, SBI) ന് ധാരണാപത്രം കൈമാറുന്നു. ശ്രീമതി റസിയ മുഹമ്മദ് (ടെക്നോളജി മാനേജർ, ZTM-ABI), ഡോ. പാർവതി യു. (സീനിയർ സയന്റിസ്റ്റ്, CIFT), ഡോ. സി.ഒ. മോഹൻ (പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, ZTM-ABI), ശ്രീമതി സൂര്യ എസ്. (ചീഫ് മാനേജർ, SBI), ശ്രീമതി പ്രിയദാ ശ്രീധരൻ (ചീഫ് മാനേജർ, SBI), ശ്രീ ലിജിൻ നമ്പ്യാർ (ബിസിനസ് മാനേജർ, ZTM-ABI), ശ്രീ എസ്. ശ്രീജിത് (സയന്റിസ്റ്റ്, CIFT) (ഇടത്ത് നിന്ന് വലത്തോട്ട്)

ഇരുസ്ഥാപനങ്ങളുടെയും ഉന്നതാധികാരികളുടെ സാന്നിധ്യത്തിലാണ് കരാർ ഒപ്പുവെച്ചത്. ഐ.സി.എ.ആർ– ഐഎഫ്.ടിയുടെ ZTM-ABI സെൻറർ ദേശീയ തലത്തിലുള്ള ഏകോപന കേന്ദ്രമായി പ്രവർത്തിച്ച് യോഗ്യരായ സംരംഭകരെ കണ്ടെത്തി അവർക്ക് വേണ്ട സാങ്കേതിക പിന്തുണയും പരിശീലനവും നൽകും. കരാറിന്റെ ഭാഗമായി, ZTM-ABIയിൽ രജിസ്റ്റർ ചെയ്ത സംരംഭകർക്ക് എസ്.ബി.ഐ. മുൻഗണനാ അടിസ്ഥാനത്തിൽ വർക്ക് കാപിറ്റൽ, ടെം ലോൺ, സ്റ്റാർട്ടപ്പ് ഫിനാൻസിംഗ് എന്നിവ ഉൾപ്പെടെയുള്ള സാമ്പത്തിക സഹായങ്ങൾ പദ്ധതിയുടെ യോഗ്യതയും ബാങ്കിന്റെ മാനദണ്ഡങ്ങളും പരിഗണിച്ച് അനുവദിക്കുന്നതാണ്. മത്സ്യ മേഖലയിലെ നവീകരണവും സ്റ്റാർട്ടപ്പുകളുടെ വളർച്ചയും ഈ സഹകരണത്തിലൂടെ കൂടുതൽ വേഗത്തിലാകുമെന്ന് ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു.

***